# സ്വാതന്ത്ര്യ സമര ക്വിസ് - 1

1 യൂറോപ്യന്മാർ ഇന്ത്യയിലേക്കു വന്നത് കച്ചവട ആവശ്യത്തിനായിരുന്നു. ബ്രിട്ടീഷുകാർ കച്ചവട ആവശ്യത്തിനായി ഇന്ത്യയിൽ സ്ഥാപിച്ച കമ്പനി ഏത് ?

ഈസ്റ്റ് ഇന്ത്യ കമ്പനി

2. 1757-ൽ ഒരു യുദ്ധം നടന്നു. ഇന്ത്യയിലെ ഒരു നാട്ടുരാജാവും ബ്രിട്ടീഷുകാരും തമ്മിലായിരുന്നു അത്. ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണത്തിന് അടിത്തറയിട്ട ഈ യുദ്ധത്തിന്റെ പേരെന്ത് ?

പ്ലാസി യുദ്ധം

3 . 1857-ലെ യുദ്ധത്തിന്റെ (ഒന്നാം സ്വാതന്ത്ര സമരം) പ്രാധാന്യം കുറച്ച കാട്ടുവാനായി ബ്രിട്ടീഷുകാർ നൽകിയ പേരെന്ത് ?

ശിപായി ലഹള

4. 1857-ലെ ഒന്നാം സ്വാതന്ത്യ സമരത്തിനു നേതൃത്വം കൊടുത്തതാര്
( ഒരാളുടെ പേര് ) ?

ബഹദൂർഷ; ഝാൻസി റാണി

5. 1885-ൽ ഇന്ത്യയുടെ സ്വാതന്ത്ര്യ സമര പ്രവർത്തനങ്ങൾക്ക്
നേതൃത്വം നൽകാൻ എ.ഒ. ഹ്യൂം എന്ന ബ്രിട്ടീഷുകാരൻ സ്ഥാപിച്ച സംഘടനയേത് ?

ഇന്ത്യൻ നാഷണൽ കോൺഗ്രസ്

6. ദക്ഷിണാഫ്രിക്കയിലെ ന്യൂനപക്ഷമായ കറുത്ത വർഗ്ഗക്കാരെ വെളുത്ത വർഗ്ഗക്കാർ അകറ്റി നിർത്തി, ഈ വിവേചനത്തിനു പറയുന്ന പേരെന്ത് ?

വർണവിവേചനം

7. "സ്വാതന്ത്ര്യം എന്റെജന്മാവകാശമാണ് ഞാനതു നേടുകതന്നെ ചെയ്യും" ഇങ്ങനെ പറഞ്ഞ സ്വാതന്ത്യ സമര സേനാനി ആര്?

ബാലഗംഗാധര തിലക്

8. ഗാന്ധിജി തന്റെ ആശയങ്ങൾ പ്രചരിപ്പിക്കുവാൻ പത്രങ്ങൾ ആരംഭിച്ചിരുന്നു. ഏതെങ്കിലും ഒരു പത്രത്തിന്റെ പേര് അറിയാമോ ?

യങ് ഇന്ത്യ, ഇന്ത്യൻ ഒപ്പീനിയൻ

9. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ആദ്യ നിയമ ലംഘന സമരമായിരുന്നു ഉപ്പുസത്യാഗ്രഹം. ഉപ്പുസത്യാഗ്രഹം നടന്ന സ്ഥലം എവിടെയായിരുന്നു. ?

ദണ്ഡി കടപ്പുറം - ഗുജറാത്ത് .

10. 1919 ലെ ജാലിയൻ വാലാബാഗ് കൂട്ടക്കൊലയിൽ പ്രതിഷേധിച്ച് ബ്രിട്ടീഷ് സർക്കാർ നൽകിയ "സർ" പദവി ഉപേക്ഷിച്ച ഇന്ത്യൻ കവി ആര്?

രവീന്ദ്രനാഥ ടാഗോർ

11. സുഭാഷ് ചന്ദ്ര ബോസ് ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ നിന്നും രാജിവച്ച് പുതുതായി ഉണ്ടാക്കിയ സംഘടന യേത് ?

ഫോർവേഡ് ബ്ലോക്ക്

12. മലബാർ ലഹള യോടനുബന്ധിച്ച് മലബാറിൽ നടന്ന ഒരു ദാരുണ സംഭവമേത് ?

വാഗൺ ട്രാജഡി

13. ബ്രിട്ടീഷുകാരുടെ നികുതി നയത്തിനെതിരെ പട നയിച്ച തിരുവിതാംകൂറിലെ ദിവാൻ ആരായിരുന്നു. ?

വേലുത്തമ്പി ദളവ

14 സ്വാതന്ത്ര്യ സമരത്തിന്റെ ക്ലൈമാക്സ് എന്ന പേരിലറിയപ്പെടുന്ന സമര മേത്?

ക്വിറ്റ് ഇന്ത്യ സമരം

15. ക്വിറ്റ് ഇന്ത്യ സമര നായികയായി അറിയപ്പെടുന്നതാര് ?

അരുണ അസഫലി